"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം: DC2/178/2021/LSGD
തദ്ദേശസ്വയംഭരണ (ഡിസി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 04/01/2022

**<u>സർക്കുലർ</u>**

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - 'സുഗമ' പോർട്ടലിൽ ഉൾപ്പെട്ടിട്ടില്ലാത്ത റോഡുകളുടെ പേര് ഉൾക്കൊള്ളിക്കുവാനുള്ള വ്യവസ്ഥ - സംബന്ധിച്ച്

സൂചന:- സ. ഉ. (സാധാ) നം. 1983/2021/തസ്വഭവ തീയതി 13/10/ 2021

സൂചനയിലെ സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിന്റെ റോഡുകളിൽ ഓൺലൈൻ റോഡ് കട്ടിംഗ് പെർമിഷൻ/ റൈറ്റ് ഓഫ് വേ പെർമിഷൻ എന്നീ ആവശ്യങ്ങൾക്കായി ഉള്ള അപേക്ഷകൾ KSITM തയ്യാറാക്കിയ 'സുഗമ' പോർട്ടൽ മുഖേന മാത്രമേ നൽകാവൂ എന്ന് നിർദ്ദേശിച്ചിരുന്നു.

2. എന്നാൽ 'സുഗമ' പോർട്ടലിൽ ഉൾപ്പെട്ടിട്ടില്ലാത്ത റോഡുകളുടെ പേര് ഉൾകൊള്ളിക്കുവാനുള്ള വ്യവസ്ഥ കൂടി ഉൾപ്പെടുത്തുവാൻ സർക്കാരിനോട് വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെട്ടിരുന്നു. സർക്കാർ ഇക്കാര്യം KSITM-നെ അറിയിക്കുകയും അപേക്ഷകർക്ക് റോഡിന്റെ പേര് പോർട്ടലിൽ അപ്‌ലോഡ് ചെയ്യുവാൻ വേണ്ട വ്യവസ്ഥ ഉൾപ്പെടുത്തുവാൻ ആവശ്യപ്പെടുകയും ചെയ്തിരുന്നു.

3. ആയതിൻ പ്രകാരം 'സുഗമ' പോർട്ടലിൽ അപേക്ഷ സമർപ്പിക്കുന്ന സമയത്ത് ഡ്രോപ്പ്-ഡൌൺ മെനുവിൽ റോഡിന്റെ പേര് പട്ടികപ്പെടുത്തിയിട്ടില്ലെങ്കിൽ, പ്രസ്തുത റോഡിന്റെ പേര് അപേക്ഷകന് ചേർക്കാവുന്ന വിധത്തിൽ ഇപ്പോൾ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പുതിയ റോഡ് ചേർക്കുന്നതിന് ഡ്രോപ്പ്-ഡൗൺ ലിസ്റ്റിൽ നിന്ന് 'OTHER' ഓപ്ഷൻ തിരഞ്ഞെടുത്ത് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള മാതൃകയിൽ നൽകിയിരിക്കുന്നത് പോലെ ടെക്സ്റ്റ്ബോക്സിൽ റോഡിന്റെ പേര് നൽകേണ്ടതാണ്. അപേക്ഷാ സമർപ്പണത്തിന് ശേഷം, പുതുതായി നൽകിയ റോഡിന്റെ പേര് ഡാറ്റാബേസിൽ ചേർക്കപ്പെടുന്നതാണ് എന്ന വിവരം അറിയിക്കുന്നു.

John V Samuel I A S
Deputy Secretary

നഗരകാര്യ ഡയറക്ടർ
പഞ്ചായത്ത് ഡയറക്ടർ
ഗ്രാമവികസന കമ്മീഷണർ
എല്ലാ മുനിസിപ്പൽ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ കോർപ്പറേഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എൽ ബി എ & എ/എ&ഇ)
ഇൻഫർമേഷൻ ഓഫീസർ (വെബ് &ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,

Harikumar

സെക്ഷൻ ഓഫീസർ.